# ധ്യാനകീർത്തനങ്ങൾ

## ശയനപ്രാർത്ഥനാ ഗീതം (വിലാപങ്ങൾ 3:22,23)

യേശു മഹാരാജാ.... യേശുമഹാരാജാ............
അതിരാവിലെ ഞാൻ വരുമേ സവിധേ,
തരിക പുതുകൃപകൾ;
ഇന്നേകണമെ കൃപകൾ;
എന്നും കൃപകൾ പുതുതായ് നൽകും
യേശുമഹാരാജാ............

എന്നും വചനം പാലായ് നൽകും,
യേശുമഹാരാജാ............
അതിരാവിലെ ഞാൻ വരുമേ സവിധേ,
തരിക പുതുകൃപകൾ;
ഇന്നേകണമെ കൃപകൾ;

നിൻ കൃപ എൻമേൽ പകരുക –
ദിനവും യേശുമഹാരാജാ............
അതിരാവിലെ ഞാൻ വരുമേ സവിധേ,
തരിക പുതുകൃപകൾ;
ഇന്നേകണമെ കൃപകൾ;

എന്നുടെ പാപങ്ങൾ മായ്ക്കാനായി
കാൽവറി ഏറിയോനെ
അതിരാവിലെ ഞാൻ വരുമേ സവിധേ,
തരിക പുതുകൃപകൾ;
ഇന്നേകണമെ കൃപകൾ;

വഴി വാതിലതും ജീവനുമായ
യേശുമഹാരാജാ............
കുരിശിൽ നോക്കി ഞാൻ വചനം കേട്ട്
നിന്നിലുറങ്ങണമെ
നിൻ ദൂതരുകാക്കണമെ.

ദൂതരുകാക്കാൻ തുണ ചെയ്യണമെ
യേശുമഹാരാജാ............
അതിരാവിലെ ഞാൻ ഉണരാൻ ദൂതർ
ജാഗ്രത കാട്ടണമെ
അതിന്നും കാണണമെ.

ജാഗ്രതയോടവർ എന്നെ ഉണർത്താൻ
തട്ടിവിളിക്കുമ്പോൾ
പുതുപ്പിന്നുള്ളിൽ തിരിഞ്ഞും മറിഞ്ഞും
ഞാൻ അലസത കാട്ടരുതേ
അതിനേകണമേ കൃപകൾ

തിന്മയെ തള്ളി, നന്മയിൽ വളർന്ന
യേശുമഹാരാജാ............
പാൽവചനങ്ങളെ തൈരായി മാററാൻ,
ഊഹാവരം തരണേ
എൻ ഹൃദയം കഴുകണമെ
അതിനേകണമെ കൃപകൾ

*റവ. പി.എൻ. പോൾ റമ്പാൻ*